(സി) വ്യവസായ വകുപ്പ് നടത്തിയിരുന്ന ഏതൊക്കെ പദ്ധതികളും പരിപാടികളുമാണ് മറ്റ് ഏജൻസികൾക്ക് നൽകിയതെന്നും ഏതൊക്കെ പദ്ധതികളും പ്രവർത്തനങ്ങളും ഏതൊക്കെ ഏജൻസികളെ ഏൽപിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്ന പദ്ധതികൾ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നതിന്റെ കാരണം എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) 2001-2002 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വിഹിതം നീക്കിവച്ചിരുന്ന പദ്ധതികൾ അനുബന്ധം—1 ആയി ചേർത്തിരിക്കുന്നു. †

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയ പദ്ധതികളും പുതുതായി ആരംഭിച്ച പദ്ധതികളും അനുബന്ധം—2 ആയി ചേർത്തിരിക്കുന്നു. ††

(സി) അടിസ്ഥാന സൗകര്യവികസനം, വ്യവസായ ആവശ്യങ്ങൾക്കുള്ള സ്ഥലമെടുക്കൽ എന്നിവ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിയിരുന്ന പദ്ധതിയായിരുന്നു. ഇപ്പോൾ ആ പദ്ധതി കിൻഫ്ര പോലുള്ള സ്ഥാപനങ്ങളും ചെയ്യുന്നു. പുതുതായി ആരംഭിച്ച കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ കിൻഫ്ര, കെ-സിപ് മുഖേനയും ജൈവ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ കിൻഫ്ര വഴിയുമാണ് നടപ്പിലാക്കുന്നത്. മറ്റു ചില പദ്ധതികളായ ഇൻഡസ്ട്രി ഇൻക്യുബേറ്റേഴ്സ്, കരകൗശല മേഖലയെപ്പറ്റിയുള്ള പഠനം, മുള അധിഷ്ഠിത വ്യവസായങ്ങളുടെ വികസനം, കരകൗശല മേഖലയിൽ മേഖലാ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ (അർബൻ ഹാത്ത്) എന്നിവ മറ്റു പല ഏജൻസികൾ മുഖാന്തിരമോ അവരുടെ സഹായത്തോടുകൂടിയോ നടപ്പിലാക്കുന്നുണ്ടെങ്കിലും അവ വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും മാറ്റിയിട്ടില്ല.

(ഡി) കേരളത്തിൽ വളരെ സാധ്യതയുള്ളതും മുൻഗണനാ വ്യവസായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ഭക്ഷ്യ സംസ്കരണം, ജൈവ സാങ്കേതികവിദ്യ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് കൂടുതൽ ശ്രദ്ധയും ഊന്നലും നൽകുന്നതിനും കേന്ദ്ര സർക്കാരിൽ നിന്നും ഈ വ്യവസായങ്ങൾക്ക് ലഭ്യമായ സഹായങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടിയാണ് ഇവ പ്രത്യേക നോഡൽ ഏജൻസി വഴി നടപ്പിലാക്കി വരുന്നത്.

ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാനുള്ള കേന്ദ്ര നടപടി

*10 [910] ശ്രീ. കെ. കെ. ജയരചന്ദ്രൻ:
,, എ. വി. ജയരാജൻ:
,, ടി. കെ. ദേവകുമാർ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സഹകരണ ബാങ്കുകളെ റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കേന്ദ്ര ധനമന്ത്രാലയം നടപടി സ്വീകരിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങളിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) നിലവിലുള്ള വായ്പാ സംഘങ്ങളിൻമേൽ ഇനിയും നിയന്ത്രണങ്ങൾ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ കാര്യത്തിൽ റിസർവ് ബാങ്കിന്റെ എന്തെല്ലാം നിയന്ത്രണങ്ങളാണിപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവ ഇപ്പോൾ തന്നെ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ളവയാണ്. കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കേന്ദ്ര മന്ത്രാലയം നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ കാര്യത്തിൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ ഇല്ല.

സ്വയം വിരമിക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ

*11 [911] ശ്രീ. പി. എസ്. സുപാൽ:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എം. കുമാരൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും സ്വയം വിരമിക്കൽ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവ് എന്നാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) സ്വയം പിരിഞ്ഞു പോകുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കും പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly